ഹദീസ്

എസ്.എം

# നീ ഇരട്ട മുഖക്കാരനാകരുത്

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: تَجِدُ مِنْ شَرِّ النَّاسِ يَوْمَ الْقِيَامَةِ عِنْدَ اللَّهِ ذَا الْوَجْهَيْنِ، الَّذِي يَأْتِي هَؤُلَاءِ بِوَجْهٍ وَهَؤُلَاءِ بِوَجْهٍ (رواه البخاري في باب مَا قِيلَ فِي ذِي الْوَجْهَيْنِ, رقم /6058)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: 'അന്ത്യനാളിൽ അല്ലാഹുവിന്റെയടുക്കൽ ജനങ്ങളിലെ നീചന്മാരായി ഇരട്ടമുഖക്കാരെ നിനക്ക് കാണാം. അവർ ഒരു കൂട്ടരെ ഒരു മുഖം കൊണ്ടും മറ്റൊരു കൂട്ടരെ മറ്റൊരു മുഖം കൊണ്ടുമായിരിക്കും സമീപിക്കുക' (ബുഖാരി).**

ഇസ്‌ലാം അനുയായികളെ വളർത്തുന്നത് സ്വഭാവ വിശുദ്ധിയിലും സംസ്കാരത്തിലുമാണ്. വിശ്വാസവും ആരാധനകളും വ്യക്തിയുടെയും സമുദായത്തിന്റെയും ജീവിതത്തിൽ നിരന്തര പരിവർത്തനം സൃഷ്ടിക്കും. ഹൃദയ വിശുദ്ധിയുടെയും മനസ്സംസ്കരണത്തിന്റെയും പ്രകടമായ ഒരു തലമാണ് പെരുമാറ്റവും സ്വഭാവവും. വിശ്വാസത്തിൽ കാപട്യം കലരാത്ത പോലെ പെരുമാറ്റത്തിലും കാപട്യം പാടില്ല. പെരുമാറ്റത്തിലെ കാപട്യത്തെയാണ് 'ഇരട്ടമുഖം' എന്ന് പറയുന്നത്.

സാമൂഹിക ജീവിതത്തിൽ നാം ഹൃദ്യമായി പെരുമാറണം. എന്നോടയാൾ എന്തിനാണ് ഇങ്ങനെ പെരുമാറുന്നത് എന്ന് നമ്മെ കുറിച്ച് വിചാരിക്കാൻ കഴിയാത്ത വിധം വിശ്വാസികൾ തങ്ങളുടെ സ്വഭാവപെരുമാറ്റങ്ങൾ നന്നാക്കണം. ഉന്നതമായ സ്വഭാവ ഗുണങ്ങളുടെ പൂർത്തീകരണത്തിനാണ് താൻ നിയോഗിതനായതെന്ന് പ്രവാചകൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മനുഷ്യരോടു നല്ല നിലയിൽ പെരുമാറുന്നത് ഒരു കലയാണ്. ചിലർക്കത് ജന്മസിദ്ധമാണെങ്കിൽ മറ്റു ചിലർ നിരന്തര ശ്രമത്തിലൂടെ അത് ആർജിച്ചെടുക്കും. വേറെ ചിലരാകട്ടെ പാരമ്പര്യമായി ഞങ്ങൾ ഇങ്ങനെയാണെന്ന് വാദിച്ച് പരുഷമായ പെരുമാറ്റങ്ങൾക്ക് ന്യായം കണ്ടെത്തും. ഇതൊരിക്കലും ശരിയായ സമീപനമല്ല. മനുഷ്യരുടെ സ്വഭാവ രീതികൾ മാറ്റാനാകാത്തതാണെന്ന വാദം ശരിയല്ല. അങ്ങനെയായിരുന്നുവെങ്കിൽ സ്വഭാവ സംസ്കരണം, പെരുമാറ്റമര്യാദകൾ ഒന്നും ഖുർആന്റെയും സുന്നത്തിന്റെയും ഉള്ളടക്കമാകാൻ പാടില്ലായിരുന്നു. പ്രമാണങ്ങളുടെയും ഗണ്യമായൊരു ഭാഗം സ്വഭാവ പരിവർത്തന സംബന്ധിയാണ്. ഒരാളുടെ വ്യക്തിത്വത്തിന് സമുന്നത സ്ഥാനം നേടിക്കൊടുക്കുന്നത് അയാളുടെ സ്വഭാവവും പെരുമാറ്റവുമാണ്. വിശ്വാസത്തെയും ആരാധനകളെയും റദ്ദ് ചെയ്തു കളയും സ്വഭാവദൂഷ്യങ്ങൾ.

ഇവിടെ ഉദ്ധരിച്ച നബിവചനം വിശ്വാസികളിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത സ്വഭാവദൂഷ്യത്തിന്റെ ഭവിഷ്യത്തിനെ കുറിച്ച മുന്നറിയിപ്പാണ്. ദുൽ വജ്ഹൈൻ അഥവാ ഇരട്ടമുഖക്കാരൻ എന്നാണ് ഹദീസിലെ പ്രയോഗം. അന്ത്യനാളിൽ ഏറ്റവും നീചനായിരിക്കും ഇരട്ടമുഖക്കാരനെന്ന് നബി(സ) മുന്നറിയിപ്പ് നൽകുന്നു. എന്താണ് ഇരട്ടമുഖം? ഒന്ന്, അല്ലാഹുവിനെയും ജനങ്ങളെയും വഞ്ചിക്കലാണത്. കപട വിശ്വാസത്തിന്റെ ലക്ഷണമാണിത്. ''ചില മനുഷ്യരുണ്ട്. 'അല്ലാഹുവിലും അന്ത്യദിനത്തിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു'വെന്ന് അവർ പറയുന്നു. യഥാർഥത്തിൽ അവർ വിശ്വാസികളേയല്ല. അല്ലാഹുവിനെയും വിശ്വാസികളെയും വഞ്ചിക്കുകയാണവർ. എന്നാൽ തങ്ങളെത്തന്നെയാണവർ വഞ്ചിക്കുന്നത്; മറ്റാരെയുമല്ല. അവരതേക്കുറിച്ച് ബോധവാന്മാരല്ലെന്നുമാത്രം'' (*അൽബഖറ* 8,9). അവരുടെ ഇരട്ടത്താപ്പിനെക്കുറിച്ച് തുടർന്നും ഖുർആൻ പറയുന്നുണ്ട് (*അൽബഖറ* 14).

ബിലാലുബ്നു സഅ്ദ് പറഞ്ഞതായി ഇമാം ഔസാഈ റിപ്പോർട്ട് ചെയ്യുന്നു: 'പ്രശംസ കിട്ടുന്നതിനു വേണ്ടി രണ്ടു മുഖങ്ങളും നാവുകളും ഉള്ളവനായി നീ ജനമധ്യത്തിൽ പ്രത്യക്ഷപ്പെടരുത്; നിന്റെ ഹൃദയമാകട്ടെ അപ്പോൾ അതിക്രമം കാണിച്ചുകൊണ്ടിരിക്കുകയുമാവും.' അല്ലാഹുവിനോടും ജനങ്ങളോടും വിശ്വസ്തത പുലർത്താതിരിക്കുക, മനസ്സിലൊന്ന് മറച്ചു വെച്ച് പുറമേക്ക് മറ്റൊന്ന് പ്രകടിപ്പിക്കുക - എത്ര മോശം പ്രകൃതമാണിത്!

രണ്ട്, മനുഷ്യർക്കിടയിൽ വിവേചനം കൽപ്പിക്കുകയും ഒരു കൂട്ടരോട് മാത്രം അടുപ്പവും സ്നേഹവും പ്രകടിപ്പിക്കുകയും മറ്റുള്ളവരോട് മനസ്സിൽ അകൽച്ച സൂക്ഷിക്കുകയും ചെയ്യുക. ഇതാണ് ഇരട്ടമുഖത്തിന്റെ മറ്റൊരു വ്യാഖ്യാനം. കാണുമ്പോൾ പുഞ്ചിരിക്കുകയും കൺവെട്ടത്ത് നിന്ന് മറയുമ്പോൾ അയാളെ കുറിച്ച് മോശം വിചാരിക്കുകയും ചെയ്യുന്നതും ഇതിൽ പെടും. 'മുൻപല്ലുകൊണ്ട് ചിരിക്കുകയും അണപ്പല്ലു കൊണ്ട് കടിക്കുകയും ചെയ്യുന്നവർ' എന്നൊരു പ്രയോഗം മലയാളത്തിലുണ്ടല്ലോ. എല്ലാ നന്മകളെയും തകർത്തു കളയുന്ന, പരലോകത്ത് നമ്മെ ഇളിഭ്യരാക്കുന്ന ഈ സ്വഭാവദൂഷ്യം പ്രബോധകർക്കും ഇസ്‌ലാമിക പ്രവർത്തകർക്കും ഒട്ടും ഭൂഷണമല്ല. ജീവിതത്തിന്റെ അകവും പുറവും ഒരുപോലെ നിർമലവും പരിശുദ്ധവുമാകണം. മനുഷ്യരോടാകമാനമുള്ള ഇസ്‌ലാമിന്റെ ആഹ്വാനമാണിത്. ഹൃദയങ്ങളെ കീഴടക്കാൻ സ്വഭാവ ഗുണങ്ങളേക്കാൾ മറ്റൊന്നിനും സാധിക്കില്ല. 'ജനങ്ങളോട് നീ നല്ല നിലയിൽ പെരുമാറുക. അവരുടെ ഹൃദയങ്ങളെ നിനക്ക് കീഴടക്കാനാകും. സൽപെരുമാറ്റം എത്ര മനുഷ്യരെയാണ് വശീകരിച്ചിട്ടുള്ളത്' എന്ന അറബി കാവ്യശകലം എത്ര വലിയ ആശയത്തെയാണ് ഉൾക്കൊള്ളുന്നത്!